©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 9 Vol. IX | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 11 11th February 2020 | 1195 മകരം 28 28th Makaram 1195 | 1941 മാഘം 22 22nd Magha 1941 | നമ്പർ No. 6

# PART III

# Fire Force Department

ലേലം/ടെണ്ടർ പരസ്യം

നമ്പർ സി-411/2019-1. 2020 ജനുവരി 21.

കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ഉപയോഗയോഗ്യമല്ലാത്ത മുക്കം അഗ്നിരക്ഷാ നിലയത്തിലെ താഴെ കാണിച്ചിരിക്കുന്ന വാഹനം ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും ആയത് സൂക്ഷിച്ചിരിക്കുന്ന നിലയത്തിൽ വച്ച് പുനർ ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

വാഹനത്തിന്റെ തരം, രജിസ്റ്റർ നമ്പർ, മോഡൽ, സൂക്ഷിച്ചിരിക്കുന്ന സ്ഥലം—വാട്ടർ ടെണ്ടർ, KL-01 BT-3499, (2014 മോഡൽ, അശോക് ലൈലന്റ്)—ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, മുക്കം.

നിരതദ്രവ്യം—₹ 2,000.

ലേല തീയതിയും സമയവും—10-3-2020, 11 മണി.

ലേല സ്ഥലം—ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, മുക്കം.

ലേല നിബന്ധനകൾ

1. പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മേൽ കാണിച്ച തീയതിയിൽ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതാണ്.

2. മേൽ കാണിച്ച വാഹനം ടെണ്ടർവഴി വാങ്ങാൻ ആഗ്രഹിക്കുന്നവരുടെ സീൽചെയ്ത ടെണ്ടറുകൾ റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് (പി. ഒ.), കോഴിക്കോട്-673 018 എന്ന മേൽവിലാസത്തിൽ ടി വാഹനത്തിന്റെ ലേല തീയതിയുടെ രണ്ട് പ്രവൃത്തി ദിവസം മുമ്പ് പകൽ 3 മണിക്കകം ടി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. വെള്ളക്കടലാസിൽ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം നിർദ്ദിഷ്ട തുകയ്ക്കുള്ള നിരതദ്രവ്യം ₹ 2,000 റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് (പി. ഒ.), കോഴിക്കോട്-673 018 എന്ന പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് (ക്രോസ് ചെയ്യാത്തത്) അടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെണ്ടറുകൾ അടങ്ങിയ കവറിന് മുകളിൽ ഏത് വാഹനത്തിന് വേണ്ടിയാണോ ടെണ്ടർ സമർപ്പിക്കുന്നത് (വാഹനത്തിന്റെ നമ്പർ) പ്രസ്തുത വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടർ എന്നും ടെണ്ടർ സമർപ്പിക്കുന്ന ആളുടെ പേരും വ്യക്തമായി കവറിന് മുകളിൽ എഴുതിയിരിക്കണം. നിശ്ചിത

സമയത്തിനുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്ന പക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

3. പരസ്യമായ ലേലംവിളി അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക വിളിച്ചിരിക്കുന്നത്/രേഖപ്പെടുത്തിയിരിക്കുന്നത്, ആ തുക വിളിച്ച്/രേഖപ്പെടുത്തിയ വ്യക്തിക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ അവർകളുടെ സ്ഥിരീകരണത്തിന് വിധേയമായി ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ പകുതി (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾത്തന്നെ ലേല സ്ഥലത്ത് വെച്ച് ഒടുക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ അവർകളുടെ ഉത്തരവ് ലഭിച്ചാൽ പ്രസ്തുത വ്യക്തിയെ അറിയിക്കുന്നതും പ്രസ്തുത വ്യക്തി 15 ദിവസത്തിനകം ലേല തുകയുടെ ബാക്കിയും മുഴുവൻ ലേലത്തുകയ്ക്കുമുള്ള നിയമാനുസൃത നികുതിയും ഒടുക്കി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത ദിവസത്തിനകം വാഹനം നീക്കം ചെയ്തില്ലെങ്കിൽ ആയതിന് സംഭവിക്കുന്ന യാതൊരു കഷ്ടനഷ്ടങ്ങൾക്കും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പോ സർക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കിക്കൊടുക്കുന്നതുമാണ്.

4. ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ ഒടുക്കിയ തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം ഈടാക്കുന്നതാണ്. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ അതിൽ യാതൊരു അവകാശവും ആദ്യ ലേലക്കാരന് ഉണ്ടായിരിക്കുന്നതുമല്ല.

5. ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിക്കുന്നവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. താൽപര്യമുള്ളവർക്ക് മേൽപ്പറഞ്ഞ വാട്ടർ ടെണ്ടർ, KL-01 BT-3499, മുക്കം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.

6. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ ഓഫീസറുടെ
കാര്യാലയം, ഫയർ ആന്റ്
റെസ്ക്യൂ സർവ്വീസസ്, (ഒപ്പ്)
കോഴിക്കോട്. റീജിയണൽ ഫയർ ഓഫീസർ.